# <u>വളർത്തുമരങ്ങൾ</u>

**[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**വസ്തുതകളുടെ** വാൽത്തലകളിൽ
കയ്യെത്താത്ത സന്ധിഭാഷണങ്ങൾക്കിടയിലെ
ഹ്രസ്വദീർഘ വിളംബിത മൌനവിളംബരം.

നാൽവരികളിലെ വെളിച്ചത്തെളിച്ചത്തിലും
ദിശാകാന്തം അനങ്ങാൻ വിസമ്മതിക്കുന്ന
ദിക്കിനഴലുന്ന മദ്ധ്യധരണിയാഴിയിലെ
ഒരിടത്തും നങ്കൂരമിടാത്ത നിരാസക്കപ്പൽ.

ഓരോ പ്രഭാഷണ നിശ്ശബ്ദതയും
വെളിവിന്റെ കതിർദാന പ്രസര-
പ്പരപ്പിന്റെ ഉപരിതല വിസ്തീർണ്ണത
കൌമാരത്താളിൽ അടയാളപ്പെടുത്തുന്ന
ചോരാത്തയോടിട്ട മേൽക്കൂരയിലെ
ശ്മശ്രുവിലിറ്റാത്ത അനാഗതാശ്രു –
ഏകാംഗക്കളരിയിലെ സ്വയംഭൂപ്പൂ.

ഗുണപാഠമാഹാത്മ്യം
സഹസ്രനാമം ഉരുക്കുന്നു:
ആട്ടിൻപറ്റത്തെ മേയാൻ വിടുക
പുതുപുല്ലിന്റെ കൂർത്ത ദംഷ്ട്രം ചവയ്ക്കട്ടെ.
ഔഷധിയുടെ ജനതികമാത്രാമാതൃക
അളവുഗ്ലാസ്സില്ലാതെ ശ്വസിക്കട്ടെ
അജപാലൻ ഉറക്കം നടിക്കട്ടെ
മേഷം പാലകവൃത്താന്തം പാടട്ടെ.

നോക്കൂ:
മലഞ്ചെരുവിൽ നിത്യഹരിതം നീണ്ടുനിവരുന്നു.
ഫലഭൂയിഷ്ഠതയുടെ പരാഗതാരള്യം
കുരുതിക്കരുത്തിൽ മെരുക്കി പെരുകുന്നു.

നവഗണത്തട്ടുകളിൽ മാലാഖക്കൂട്ടം കാവലിരിക്കുന്നു.
*********************************************************************************